# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4477 — 17/12/2014 -ൽ മറുപടിക്ക്

## മീനാട് കുടിവെള്ള പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീമതി. പി.അയിഷാ പോറ്റി | ശ്രീ. പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) മീനാട് കുടിവെള്ള പദ്ധതിയുടെ നിലവിലുള്ള സ്ഥിതി വിശദമാക്കുമോ; | (എ) മീനാട് ശുദ്ധജല പദ്ധതി നാല് പാക്കേജുകളായാണ് നടപ്പിലാക്കാൻ ഉദ്ദേശിച്ചിരിക്കുന്നത്<br>പാക്കേജ് 1 – ഇൻടേക്ക്, റോ വാട്ടർ പമ്പിംഗ് മെയിൻ & ട്രീറ്റ്മെന്റ് പ്ലാന്റ്<br>പാക്കേജ് 2 - ട്രാൻസ്മിഷൻ പൈപ്പ് ലൈനുകളും, സ്കാഡാ ടെലിമെട്രി ജോലികളും<br>പാക്കേജ് 3 – ഡിസ്ട്രിബ്യൂഷൻ പൈപ്പ് ലൈനുകളും ഗാർഹിക കണക്ഷനുകളും<br>പാക്കേജ് 4 – ജല സംഭരണികളും ഓഫീസ് കെട്ടിടങ്ങളും സ്റ്റാഫ് ക്വോർട്ടേഴ്സുകളും.<br>ഇതിൽ 1,2,4 പാക്കേജുകൾ പണി പൂർത്തീകരിച്ചിട്ടുണ്ട്. 3-ാമത്തെ പാക്കേജ് ആയ ഡിസ്ട്രിബ്യൂഷൻ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന്റെയും ഗാർഹിക കണക്ഷൻ നൽകുന്നതിന്റെയും പണി ഏറ്റെടുത്ത ആദ്യ കരാറുകാരൻ ഏകദേശം 60% പണി പൂർത്തീകരിച്ചശേഷം പണി ഉപേക്ഷിച്ചുപോയി. ഇതിന്റെ ബാക്കി ജോലികൾ റി-ടെൻഡർ ചെയ്ത് മറ്റൊരു കരാറുകാരന് നൽകി. രണ്ടു കരാറുകാരും കൂടി ആകെ ഇടേണ്ട 963 കി.മീ. പൈപ്പ് ലൈനുകളിൽ ഇതുവരെ 787 കി.മീ. പൈപ്പ് ലൈനുകൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇതിൽ 173 കി.മീ. പൈപ്പ് ലൈനുകൾ |

| | | | |
|---|---|---|---|
| | | | മാത്രമാണ് കമ്മീഷൻ ചെയ്തത്. ഇനി ഏകദേശം 176 കി.മീ പൈപ്പ് ലൈനുകൾ സ്ഥാപിക്കാനുണ്ട്. ഇതുവരെ 3119 ഗാർഹിക കണക്ഷനുകൾ നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി പ്രവർത്തനം ആരംഭിച്ചത് എന്നാണ്; പൂർത്തീകരിക്കാൻ ഉദ്ദേശിച്ചത് എന്നായിരുന്നു; അടങ്കൽ തുക എത്ര ആയിരുന്നു; | (ബി) | പ്രസ്തുത പദ്ധതി 2006 ഏപ്രിലിൽ തുടങ്ങി 2008 ഡിസംബറിൽ പൂർത്തീകരിക്കാനാണ് ഉദ്ദേശിച്ചിരുന്നത്. എന്നാൽ 2011 ഫെബ്രുവരിയിൽ പദ്ധതി ഭാഗികമായി മാത്രമേ കമ്മീഷൻ ചെയ്തിരുന്നുള്ളൂ. പദ്ധതിയുടെ അടങ്കൽ തുക 232.02 കോടി രൂപ ആയിരുന്നു. |
| (സി) | പദ്ധതിയുടെ കരാർ ആർക്കാണ് നൽകിയിരുന്നത്; | (സി) | ചുവടെ ചേർത്തിരിക്കുന്ന നാല് കമ്പനികൾക്കാണ് പദ്ധതിയുടെ കരാർ നൽകിയിരുന്നത്.<br>1. M/s. Kirloskor Brothers Ltd., Pune<br>2. M/s. SPML, Bangalore<br>3. M/s. Ramakrishna Contractors (P) Ltd., Hydrabad<br>4. M/s. IVRCL Infrastructure and Projects Ltd., Hyderabad |
| (ഡി) | കരാർ ലംഘനം നടത്തിയ കരാറുകാരനെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ഡി) | പാക്കേജ് 3-ന്റെ പണി ഏറ്റെടുത്ത കരാറുകാരന്റെ അനാസ്ഥമൂലം പണി പൂർത്തീകരിക്കാൻ കഴിയാത്ത സ്ഥിതി ഉണ്ടാകുകയും കരാർ റിസ്ക് ആന്റ് കോസ്റ്റ് വ്യവസ്ഥ പ്രകാരം റദ്ദ് ചെയ്യുകയും ചെയ്തു. നഷ്ടപരിഹാരത്തിനായി നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഇ) | പദ്ധതിയുടെ ഭാഗമായി ഉമ്മന്നൂർ, വെളിയം പഞ്ചായത്തുകളിൽ നടത്തിയ പ്രവർത്തനങ്ങളും അവശേഷിക്കുന്ന പ്രവർത്തനങ്ങളും എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (ഇ) | ഉമ്മന്നൂർ, വെളിയം പഞ്ചായത്തുകളിൽ ജല സംഭരണികൾ നിർമ്മിക്കുകയും ആയതിലേക്ക് ജലം എത്തിക്കുന്നതിനുള്ള പൈപ്പ് ലൈനുകൾ സ്ഥാപിക്കുകയും ജലം സംഭരിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ വിതരണകുഴലുകൾ ഭാഗികമായി മാത്രമേ സ്ഥാപിച്ചിട്ടുള്ളൂ. ഉമ്മന്നൂർ പഞ്ചായത്തിൽ ആകെ ഇടേണ്ട പൈപ്പ് ലൈനുകൾ 84.93 കി.മീ.യും നാളിതുവരെ സ്ഥാപിച്ചത് 40.75 കി.മീ യും ആണ്. വെളിയം |

പഞ്ചായത്തിൽ ആകെ ഇടേണ്ട പൈപ്പ് ലൈൻ 74.04 കി.മീ യും നാളിതുവരെ സ്ഥാപിച്ചത് 53.89 കി.മീ യും ആണ്. മേൽ പറഞ്ഞിട്ടുള്ള പ്രകാരം ബാക്കിയുള്ള പൈപ്പുകളും സ്ഥാപിച്ച് ആവശ്യക്കാർക്ക് ഗാർഹിക കണക്ഷനുകൾ നൽകുന്ന പണികളുമാണ് അവശേഷിക്കുന്നത്.

(എഫ്) പദ്ധതിയുടെ അവശേഷിക്കുന്ന പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികളും എന്നത്തേക്ക് പൂർണ്ണതോതിൽ കമ്മീഷനിംഗ് നടക്കും എന്നുമുള്ള വിവരം വെളിപ്പെടുത്തുമോ?

(എഫ്) ബാക്കി പണികൾ റീ-ടെൻഡർ ചെയ്തപ്പോൾ ഏറ്റെടുത്ത കരാറുകാരനും ഭാഗികമായി മാത്രമേ പണി പൂർത്തീകരിച്ചിട്ടുള്ളൂ. ആയതിനാൽ ടി കരാറുകാരന് കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുണ്ട്. ഇവർ പണി പൂർത്തിയാക്കിയിട്ടില്ലെങ്കിൽ വീണ്ടും ടെൻഡർ ചെയ്ത് മറ്റൊരു കരാറുകാരനെ ഏൽപ്പിക്കേണ്ടി വന്നാൽ പണി പൂർത്തീകരിക്കുവാൻ ഏറ്റവും കുറഞ്ഞത് ഒരു വർഷമെങ്കിലും കൂടി വേണ്ടിവരും.

സെക്ഷൻ ഓഫീസർ